**ഭരണഭാഷ – മാതൃഭാഷ**

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്
അഞ്ചാം നില, സ്വരാജ് ഭവൻ
നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം – 695003.

Phone : 0471-2324030
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. ഇ 22-9241/2022/സിഇ/തസ്വഭവ** **തീയതി 15.07.2022**

# നോട്ടീസ്

വിഷയം : തസ്വഭവ (LID&EW) – ജീവനക്കാര്യം – ഒന്നാംതരം ഓവർസിയർ തസ്തികയിലെ ക്വാട്ട – സംബന്ധിച്ച്

സൂചന : 1) ഈ വകുപ്പിൽ ഒന്നാംതരം ഓവർസിയർമാരുടെ മുൻഗണനാപ്പട്ടികയിൽ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ഉൾപ്പെട്ട ചില ജീവനക്കാരുടെ പരാതി
2) ജി.ഒ(പി)നം. 271/2007/തസ്വഭവ തീയതി 27.11.2007
3) ജി.ഒ(പി)നം. 272/2007/തസ്വഭവ തീയതി 27.11.2007

ഈ വകുപ്പിൽ ഒന്നാംതരം ഓവർസിയർമാരുടെ മുൻഗണനാപ്പട്ടികയിൽ ഡിപ്ലോമ ക്വാട്ട, സർട്ടിഫിക്കറ്റ് ക്വാട്ട എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നതിൽ വ്യാപകമായി പരാതി ഉയർന്നുവരുന്നുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പ് (സാങ്കേതിക വിഭാഗം) എഞ്ചിനീയറിംഗ് സർവീസസ് സ്പെഷ്യൽ റൂൾസ് പ്രകാരം ഒന്നാംതരം ഓവർസിയർ തസ്തികയിൽ നിന്ന് ഡിപ്ലോമ യോഗ്യതയുള്ളവരെയും സർട്ടിഫിക്കറ്റ് യോഗ്യതയുള്ളവരെയും 3:1 അനുപാതത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയുടെ 40% ഒഴിവിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് പരിഗണിക്കേണ്ടതാണ്. ആയതിനാൽ തന്നെ ഒന്നാംതരം ഓവർസിയർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ ഡിപ്ലോമ യോഗ്യതയുള്ളവർ, സർട്ടിഫിക്കറ്റ് യോഗ്യതയുള്ളവർ എന്നിങ്ങനെ തരംതിരിക്കേണ്ടതായിട്ടുണ്ട്. ഇതിനായി, ഒന്നാംതരം ഓവർസിയർ തസ്തികയിലെ അടിസ്ഥാനയോഗ്യത ഡിപ്ലോമ ആയതിനാൽ നേരിട്ട് ഒന്നാംതരം ഓവർസിയർ തസ്തികയിൽ നിയമനം നേടുന്നവരെ ഡിപ്ലോമ ഹോൾഡേഴ്സ് (ഡിപ്ലോമ ക്വാട്ട) എന്നും, ഒന്നാംതരം ഓവർസിയർ തസ്തികയിലേയ്ക്ക് രണ്ടാംതരം ഓവർസിയർ തസ്തികയിൽ (അടിസ്ഥാനയോഗ്യത – സർട്ടിഫിക്കറ്റ് / ഐ.ടി.ഐ-യിൽ നിന്ന് കരസ്ഥമാക്കിയ 18 മാസ ഡിപ്ലോമ (സിവിൽ) സർട്ടിഫിക്കറ്റ് / വനിതാ പോളിടെക്നിക്കുകളിൽ നിന്നുള്ള 2 വർഷ ഡിപ്ലോമ സർട്ടിഫിക്കറ്റ്) നിന്ന് സ്ഥാനക്കയറ്റം മുഖേന നിയമനം നേടിയവരെ

സർട്ടിഫിക്കറ്റ് ഹോൾഡേഴ്സ് (സർട്ടിഫിക്കറ്റ് ക്വാട്ട) എന്നും തരംതിരിക്കേണ്ടതായി വന്നു. ഇത്തരത്തിൽ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ഉൾപ്പെട്ട പലരും അധികയോഗ്യതയായി ഡിപ്ലോമ / ഡിഗ്രി എന്നിവ ഉള്ളവരാണ്. ഒന്നാംതരം ഓവർസിയർമാരുടെ കരട് മുൻഗണനാപ്പട്ടിക പ്രസിദ്ധീകരിക്കുന്ന വേളയിൽ, മേൽ പരാമർശിച്ച രീതിയിൽ ഡിപ്ലോമ (റഗുലർ - 3 വർഷം) അധികയോഗ്യതയായി ഉണ്ടായിട്ടും സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ഉൾപ്പെട്ട ചില ഉദ്യോഗസ്ഥർ, അവരുടെ സ്വന്തം താൽപ്പര്യപ്രകാരം ഡിപ്ലോമ ക്വാട്ടയിലേയ്ക്ക് മാറ്റത്തിനായി അപേക്ഷ സമർപ്പിക്കാറുണ്ട്. രേഖകൾ പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് ടി ജീവനക്കാരെ ഡിപ്ലോമ ഹോൾഡേഴ്സിന്റെ ക്വാട്ടയിൽ ഉൾപ്പെടുത്തി മുൻഗണനാപ്പട്ടിക പുനഃക്രമീകരിച്ച് അന്തിമമാക്കാറാണുള്ളത്. ഇത്തരത്തിൽ സർട്ടിഫിക്കറ്റ് ഹോൾഡേഴ്സിന്റെ ക്വാട്ടയിൽ നിന്ന് ഡിപ്ലോമ ഹോൾഡേഴ്സിന്റെ ക്വാട്ടയിലേയ്ക്ക് ഒരു തവണ അപേക്ഷ നൽകി പ്രവേശിക്കുന്ന ജീവനക്കാരന് / ജീവനക്കാരിയ്ക്ക് തിരികെ വീണ്ടും സർട്ടിഫിക്കറ്റ് ഹോൾഡേഴ്സിന്റെ ക്വാട്ടയിലേയ്ക്ക് ഒരു ഘട്ടത്തിലും മാറാനാവില്ല. 31.12.2018 വരെ ഒന്നാംതരം ഓവർസിയർ തസ്തികയിൽ സ്ഥാനക്കയറ്റം മുഖേന ജോലിയിൽ പ്രവേശിച്ചവരുടെ മുൻഗണനാപ്പട്ടിക അന്തിമമാക്കിയിട്ടുള്ളതിനാൽ, നിലവിൽ ഒന്നാംതരം ഓവർസിയർ തസ്തികയിലേയ്ക്ക് 01.01.2019-ാം തീയതിയോ അതിന് ശേഷമോ സ്ഥാനക്കയറ്റം ലഭ്യമായ ഉദ്യോഗസ്ഥർക്ക് മാത്രമേ ഈ അവസരം പ്രയോജനപ്പെടുത്താനാവുകയുള്ളൂ. ഈ രീതിയിൽ ഒന്നാംതരം ഓവർസിയർമാരുടെ മുൻഗണനാപ്പട്ടിക തയ്യാറാക്കുന്നത്, 3:1 അനുപാതത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിക്കേണ്ടതുള്ളതിനാലാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

P 851